# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 979 — 30.10.2019 ലെ മറുപടി

## കടലുണ്ടിപ്പുഴയുടെ കരകൾ സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 2018, 2019 വർഷങ്ങളിൽ ഉണ്ടായിട്ടുള്ള പ്രളയത്തിൽ തകർന്ന മലപ്പുറം നിയോജകമണ്ഡല പരിധിയിലെ കടലുണ്ടിപ്പുഴയുടെ കരകൾ സരക്ഷിക്കുന്നതിന് എത്ര പ്രപ്പോസലുകൾ ലഭിച്ചിട്ടുണ്ട്; | (എ) യും (ബി) യും | പ്രളയത്തിൽ തകർന്ന മലപ്പുറം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കടലുണ്ടിപ്പുഴയുടെ കരകൾ സംരക്ഷിക്കുന്നതിന് 2018-ൽ 40 - ഉം, 2019 -ൽ 43- ഉം പ്രൊപ്പോസലുകൾ ലഭിച്ചതിൽ ആകെ 20 എണ്ണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി യിട്ടുണ്ട്. ഇവയിൽ 8 എണ്ണത്തിന് 254.29 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. |
| (ബി) | ഇവയിൽ എത്രയെണ്ണം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്; അവയിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭിച്ചുവെന്നും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ; | | |
| (സി) | ഓരോ പ്രവൃത്തിയുടെയും പുരോഗതി വെളിപ്പെടുത്താമോ; പുതുതായി ഭരണാനു മതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>1) മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 20 ഹൗസ് നം. 20/262 D, 20/262 A & 20/262 F ചെമ്മങ്കടവ് തെക്കെതലയിൽ കടലുണ്ടിപ്പുഴ യുടെ വലതുകര സംരക്ഷണം – 19.10 ലക്ഷം രൂപ- സ്ഥലം 30/08/2019 ന് കരാറുകാരന് കൈമാറി.<br><br>2) മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 13 ഹൗസ് നം. 13/32 എ കുട്ടമണ്ണയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം – 16.90 ലക്ഷം രൂപ- പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ചു. |

3) മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് നം. 14 താമരക്കുഴിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം- 18.30 ലക്ഷം രൂപ . പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

4) കോഡൂർ പഞ്ചായത്തിൽ ആനക്കടവ് കിഴക്കെ തൊടി റോഡിനരികെ ആനക്കടവ് ഉമ്മത്തൂർ ബ്രിഡ്ജിന് താഴ്ഭാഗത്ത് കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം- 18.00 ലക്ഷം രൂപയുടെ പ്രവൃത്തി - സ്ഥലം കരാറുകാരന് കൈമാറി.

5) കോഡൂർ പഞ്ചായത്തിൽ നൂറാടിപാലത്തിന് താഴ്ഭാഗത്ത് ചോലശ്ശേരി കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം- 49 ലക്ഷം രൂപ - പ്രവൃത്തിക്ക് എഗ്രിമെൻറ് വെച്ചു

6) മലപ്പുറം ജില്ലയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 13, 14 ശാന്തി നഗറിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം -51.59 ലക്ഷം രൂപ- പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി നടപടികൾ നടന്നു വരുന്നു.

7) മലപ്പുറം മുനിസിപ്പാലിറ്റിയിൽ 13-ാം വാർഡിൽ കാളമ്പാടിയിൽ കടലുണ്ടിപ്പുഴയുടെ വലതുകരസംരക്ഷണം- 46.40 ലക്ഷം രൂപ. - സാങ്കേതികാനുമതി നല്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

8) മലപ്പുറം ജില്ലയിൽ കോഡൂർ പഞ്ചായത്തിൽ മങ്ങാട്ടുപുലം ജുമാമസ്ജിദിന് സമീപം കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം- 35 ലക്ഷം രൂപ- പ്രവൃത്തി 85% ഭാഗിക മായി പൂർത്തീകരിച്ചു.

പുതുതായി താഴെപ്പറയുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നല്കി പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്:-

1) മലപ്പുറം ജില്ലയിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വാർഡ് 34 ൽ റീ.സർവ്വെ നം. 140/1 ൽ കോൽമണ്ണയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം.

2) ആനക്കയം പഞ്ചായത്തിൽ റീ.സർവ്വെ നം.185/8-4, 180/2 കളത്തിങ്ങൽ പടിയിൽ കടലുണ്ടിപ്പുഴയുടെ വലതുകര സംരക്ഷണം

3) മലപ്പുറം ജില്ലിയിൽ കോഡൂർ പഞ്ചായത്തിൽ വാർഡ് 5-ൽ റീ.സർവ്വെ നം. 37/3 ൽ മങ്കരത്തൊടിക്കടവിൽ കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണം.

**സെക്ഷൻ ഓഫീസർ**